ശ്രീ. കെ. സി. ജോർജ്ജ് : ആന്ധ്രയിൽനിന്നും നിയന്ത്രിതവിലയ്ക്ക് അരി വാങ്ങാൻ സാധിക്കാതെ വരുന്ന പക്ഷം കേന്ദ്രത്തിൽനിന്നും തരുന്നതിനു് ആവശ്യപ്പെട്ടിട്ടുണ്ടു്. കേന്ദ്രം അതിനു ചില പ്രയാസങ്ങളും പറഞ്ഞിട്ടുണ്ടു്. എങ്കിലും അവസാന തീരുമാനമായിട്ടില്ല.

ശ്രീ. സി. എ. മാത്യു : നാലു മാസത്തേയ്ക്കു അരി സ്റ്റാക്കുണ്ടാകുമെന്നു പറഞ്ഞു ഇപ്പോൾ പതിനാലര അണ അരിയ്ക്കു വിലയുണ്ടു്. ഇതുതന്നെ സ്റ്റാക്കുള്ള നിലയ്ക്കു് ഇന്നത്തെ അരി വില നിയന്ത്രിക്കുന്നതിനു് എന്താണു് നടപടികളും സ്വീകരിക്കാത്തതു്?

ശ്രീ. കെ. സി. ജോർജ്ജ് : നാലു മാസത്തേയ്ക്കു കരുതിച്ചിട്ടുതന്നില്ല. ഓരോ മാസത്തേയ്ക്കുള്ളതാണു് തരുന്നതു്.

ശ്രീ. സി. എ. മാത്യു : ഏതായാലും നാലു മാസത്തേയ്ക്കു് അരി ഉണ്ടെന്നുള്ള നിലയ്ക്കു ഇപ്പോഴുള്ള അരിവില നിയന്ത്രിക്കുന്നതിനു് സത്വരനടപടികളും എടുക്കുമോ?

ശ്രീ. കെ. സി. ജോർജ്ജ് : അതിനുള്ള സത്വരനടപടി വില നിയന്ത്രിയ്ക്കുക എന്നുള്ളതാണു്. ഇന്നത്തെ നിലയ്ക്കു് ആന്ധ്രയിൽ നിന്നും നിയന്ത്രിതവിലയ്ക്കു് അരി കിട്ടാതിരിക്കുകയും മദ്രാസിൽനിന്നും അരി കിട്ടാൻ വിഷമവും ഉള്ളപ്പോൾ അരിവില നിയന്ത്രിച്ചാൽ അരി ഇവിടെ കിട്ടാൻതന്നെ വിഷമമുണ്ടാകും.

ശ്രീ. എം. നാരായണക്കുറുപ്പു് : അടുത്ത കാലത്തു അരിവില വർദ്ധിച്ചിട്ടുണ്ടോ?

ശ്രീ. കെ. സി. ജോർജ്ജ് : കഴിഞ്ഞ ഒരു മാസമായി വില വർദ്ധിച്ചിട്ടുണ്ടു്. ഇനി വില കുറയാൻ സാദ്ധ്യതയുണ്ടെന്നാണു് അറിയുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇപ്പോഴും സഹകാരികളുടെ കടക്കാർ അരി ഇറക്കുമതി ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോർജ്ജ് : ഉണ്ടു്.

ശ്രീ. ടി. എ. തോമ്മൻ : നെല്ലു കൊണ്ടുവരുന്നതിനു് തടസ്സമുണ്ടു്. അരി കൊണ്ടുവരുന്നതിനു് തടസ്സമുണ്ടോ?

ശ്രീ. കെ. സി. ജോർജ്ജ് : അരി കൊണ്ടുവരുന്നതിനു് തടസ്സമില്ല. എന്നാൽ നിയന്ത്രിതവിലയ്ക്കു മദ്രാസിൽ നിന്നും അരി കിട്ടാൻ തടസ്സമുണ്ടു്.

മദ്യനിരോധനം പിൻവലിക്കൽ.

* 1380. [7] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോർട്ടുകൊച്ചിയിലെ മദ്യനിരോധനം എടുത്തുകളയുവാൻ സർവ്വെൻറുദ്ദേശിക്കുന്നുണ്ടോ ;

(ബി) അങ്ങനെ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടുകളും, അതിൽ ആശങ്ക പ്രകടിപ്പിച്ചുകൊണ്ടു ഫോർട്ടുകൊച്ചി സ്ത്രീസഭ മേയ് 5-ാം തീയതി പാസ്സാക്കിയ പ്രമേയവും സർവ്വെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) ഇപ്പോൾ ഇല്ല.

(ബി) ഇതിനെക്കുറിച്ച് ഈ നിയമസഭയിലെ രണ്ട് എം. എൽ. എ. രണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഫോർട്ടുകൊച്ചി നഗരസഭ പാസ്സാക്കിയ പ്രമേയം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഇപ്പോൾ ഇല്ലെന്നു പറഞ്ഞാൽ അടുത്തു ഉണ്ടാകുമെന്നാണോ വിചാരിക്കേണ്ടത് ?

ശ്രീമതി കെ. ആർ. ഗൗരി : അതു പറയാൻ സാദ്ധ്യമല്ല. ഈ നിയമസഭയിലെ രണ്ട് എം. എൽ. എ. ഉൾപ്പെടെ അതു എടുത്തുകളയണമെന്നു നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഈ ചെറിയ സ്ഥലത്തിന്റെ മുഴുവൻ മദ്യനിരോധന മേഖലയല്ല. മുഴുവൻ മദ്യമേഖലയാണ്. അങ്ങനെയുള്ള പ്രദേശമായതുകൊണ്ട് അവിടെ മദ്യനിരോധനം എൻഫോഴ്സു ചെയ്യാൻ വിഷമമാണെന്നു പോലീസിന്റെ റിപ്പോർട്ടും വന്നിട്ടുണ്ട്. ഇതെല്ലാം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ആ സ്ഥലത്തെ പ്രതിനിധീകരിക്കുന്ന മെമ്പർ ഞാനാണ്. ഈ പറഞ്ഞതു കേട്ടാൽ ഞാനാണ് നിവേദനം സമർപ്പിച്ച എം. എൽ. എ. എന്നു തോന്നും.

ശ്രീമതി കെ. ആർ. ഗൗരി : ഈ നിയമസഭയിലെ രണ്ട് എം. എൽ. എ എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം. എൽ. എ. യുടെ അഭിപ്രായം ഈ കാര്യത്തിൽ പരിഗണിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി: എല്ലാവരുടേയും അഭിപ്രായം പരിഗണിച്ചേ ചെയ്യുകയുള്ളൂ.

ശ്രീ. എം. നാരായണക്കുറുപ്പ് : ഗവണ്മെൻറ് ഈ കാര്യത്തെപ്പറ്റി ആലോചിച്ചിട്ടില്ലെന്നും പത്രറിപ്പോർട്ട് അടിസ്ഥാനരഹിതമാണെന്നാണോ മനസ്സിലാക്കേണ്ടത് ?

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ ഗവണ്മെൻറിൽ കിട്ടിയിട്ടുള്ള നിവേദനത്തിന്റെയും പോലീസ് റിപ്പോർട്ടിന്റെയും കാര്യം ഇവിടെ പറഞ്ഞു കഴിഞ്ഞു. ഇതു രണ്ടും ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കയാണ്. ഏതായാലും തൽക്കാലം പ്രൊഹിബിഷൻ ലിഫ്റ്റു ചെയ്യണമെന്നു തീരുമാനിക്കുന്നില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഇവിടെ എം. എൽ. എ. യുടെ കാര്യം പറഞ്ഞു. അതു ഞാനാണെന്നു ആരും തെറ്റിദ്ധരിക്കും.

ശ്രീമതി കെ. ആർ. ഗൗരി : എം. എൽ. എ. യുടെ പേരു പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ശ്രീ. വിശ്വനാഥനല്ല. അദ്ദേഹത്തിന്റെ മെമ്മോറാണ്ടം കിട്ടിയിട്ടില്ല.

ശ്രീ. കെ. സി. എബ്രഹാം : അതിനോടു തൊട്ടുകിടക്കുന്ന നിയോജകമണ്ഡലത്തിലെ എം. എൽ. എ. യാണോ ? അതു എന്നെക്കുടെ സ്പർശിക്കുന്നതാണ്.

ശ്രീ. ടി. എ. തൊമ്മൻ : ഏതെങ്കിലും നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം. എൽ. എ. യാണോ ?

മി. സ്പീക്കർ : നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കാതെ എങ്ങനെ എം. എൽ. എ. യാകും ?

ശ്രീ. എം. നാരായണക്കുറുപ്പ് : കൂടുതൽ സ്ഥലത്തു മദ്യനിരോധനം ഗവണ്മെൻറ് വ്യാപിപ്പിക്കുകയില്ലെന്നും ഇന്നു മദ്യനിരോധനം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. തൊമ്മൻ : ഏതെങ്കിലും നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം. എൽ. എ. അങ്ങനെ ആവശ്യപ്പെട്ടിട്ടുണ്ടോ ?

Mr. Speaker : Order, order. You should not do like that. Mr. Narayana Kurup was on his legs and he was putting a question, but you got up and you now persist, without yielding to him.

Shri M. Narayana Kurup : I put half the question.

Shri T. A. Thomman : Sir, I want a reply to my question.

Shri V. R. Krishna Iyer : I think a representation was made by a M. L. A. who has residential bonds with that area.

ശ്രീ. പി. ടി. ചാക്കോ : നിയോജകമണ്ഡലത്തെ പ്രധിനിധീകരിക്കാത്ത എം. എൽ. എ. യുണ്ട്. അതുകൊണ്ട് ചോദ്യം അപ്രസക്തമല്ല.

മി. സ്പീക്കർ : നമുനേറാഡ് മെമ്പറെയായിരിക്കാം ഉദ്ദേശിക്കുന്നത്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇന്നു് മദ്യനിരോധനമുള്ള സ്ഥലങ്ങളിൽ നിന്നും നിരോധനം എടുത്തുകളയുകയില്ലെന്നുള്ള ഗവണ്മെൻറിന്റെ പ്രഖ്യാപിതനയം മാറാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. ഹസ്സൻ ഗനി : അവിടെ താമസിക്കുന്ന എം. എൽ. എ. യാണെന്നു പറഞ്ഞു ഞാനും അവിടെ താമസിക്കുന്ന ആളാണു്. ഞാനാണോ എന്നറിയണം.

Shri V. R. Krishna Iyer : The hon. Member Mr. D'cruz.

ശ്രീ. സി. എ. മാത്യു : ചോദ്യം ചോദിക്കുന്നതിനു് നേരെ ഉത്തരം പറയാത്ത കഴപ്പുമാണിതു്.

മി. സ്പീക്കർ : ആളിന്റെ പേരു് പറയണമെന്നു് ഉദ്ദേശിക്കുന്നില്ലെന്നു മന്ത്രി നേരത്തെ പറഞ്ഞു. But, on account of the pressure from all sides to disclose the name of that hon. Member, the Law Minister chose to disclose his name. That was what happened.

Shri M. Narayana Kurup: We wanted to know whether it is any M. L. A. having a licensce to drink (laughter).

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE

Loss to property sustained by Harijan Workers in the Devicolam Taluk.

മി. സ്പീക്കർ : റൂൾ 66. അനുസരിച്ചു് ശ്രീ. ഗണപതിയുടേയും ശ്രീ. ചന്ദ്രശേഖരന്റെയും നോട്ടീസ് കിട്ടിയിട്ടുണ്ടു്. ശ്രീ. ഗണപതിയുടേതു് ഹരിജനങ്ങളെ ഒരു എസ്റ്റേറ്റ് മാനേജർ കുടിയിറക്കി എന്നുള്ളതിനെ സംബന്ധിച്ചാണു്. ശ്രീ. ചന്ദ്രശേഖരന്റേതു് ഒരു സ്ഥലത്തുതന്നെ ഒരു ഭാഷയിലുള്ള നാടകത്തിനു് എൻറർട്ടെയിൻമെൻറ് ടാക്സ് ഇടാക്കിയെന്നും മറ്റൊരു ഭാഷയിലുള്ള നാടകത്തിനു് ടാക്സ് ഇടാക്കിയില്ലെന്നുമുള്ളതിനെ സംബന്ധിച്ചാണു്. ഇതിൽ കൂടുതൽ പ്രാധാന്യം അർഹിക്കുന്നതു് ശ്രീ. ഗണപതിയുടേതാണു്. അതുകൊണ്ടു് അദ്ദേഹത്തിന്റെ മോഷൻ അവതരിപ്പിക്കാൻ അനുവദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly